## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*571 — 28.07.2015 ൽ മറുപടിയ്ക്ക്

## പച്ചക്കറി വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പച്ചക്കറി വിപണിയിൽ ഇടനിലക്കാരുടെ ഇടപെടൽ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ; | (എ) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്ത വ്യാപാര വിപണികൾ ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കിക്കൊണ്ട് കാർഷികോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുന്നു. സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളിൽ പ്രധാനമായും പഴം-പച്ചക്കറികളാണ് മൊത്ത വ്യാപാര വിപണികളിലൂടെ വിപണനം ചെയ്യുന്നത്. ഇതിനുപുറമെ ഹോർട്ടികോർപ്പും, വി.എഫ്.പി.സി.കെയും പച്ചക്കറി വിപണനത്തിൽ ഇടനിലക്കാരുടെ ഇടപെടൽ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) പച്ചക്കറി വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) സംസ്ഥാനത്ത് ഉത്സവ സീസണുകളിൽ പച്ചക്കറികളുടെ വിപണി വില ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) അയൽ സംസ്ഥാനങ്ങളിലെ ഉൽപാദന കേന്ദ്രങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ പച്ചക്കറി വിപണിയിലെ വില വളരെയധികമാണെന്ന് കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) വരുന്ന ഓണനാളുകളിൽ ഇതേ നില തുടരാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) വരുന്ന ഓണനാളുകളിൽ പൊതുവിപണികളിൽ പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനായി വിവിധ ഏജൻസികളുടെ സഹായത്തോടെ ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ട് ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ